Draft #2 of File 1868/AC.A I 1/2018/AC A I Approved by Assistant Registrar on 14-Dec-2018 12:13 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**(സംഗ്രഹം)**

ഭാരത സർക്കരിന്റെ സ്വച്ച് ഭാരത് മിഷന്റെ ഭാഗമായി നടപ്പിലാക്കിയ സ്വച്ച് ഭാരത് സമ്മർ ഇന്റേൺഷീപ്പ് പ്രോഗ്രാം എല്ലാ യു .ജി. പ്രോഗ്രാമുകളുടെയും അഞ്ചാം സെമസ്റ്ററിൽ 3 ക്രെഡിറ്റ് ഉള്ള ഓപ്പൺ കോഴ്സായി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

AC A 1

നമ്പർ. 189/2018/MGU-ADMINISTRATION തീയതി: 17.12.2018

---

സൂചന:-1. 21.05.2018 തീയതിയിലെ യു.ജി.സി.യുടെ കത്ത് നം.F.91-4/2018/SU-11

2. 29.09.2018 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം.നം.165/Ac.18/185191 പ്രകാരമുള്ള തീരുമാനം.

**ഉത്തരവ്**

ഭാരത സർക്കാറിന്റെ സ്വച്ച് ഭാരത് മിഷ്ന്റെ ഭാഗമായി നടപ്പിലാക്കിയ സ്വച്ച് ഭാരത് സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാമിനു പരമാവധി വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുവാൻ പരാമർശം (1) പ്രകാരം യു.ജി.സി ആഹ്വാനം ചെയ്തിരുന്നു. ചോയിസ് ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റത്തിൽ (CBCS) പഠിക്കുന്ന ഒരു വിദ്യാർത്ഥി, സ്വച്ച് ഭാരത് സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാമിനു പങ്കെടുക്കുന്ന പക്ഷം രണ്ട് ക്രെഡിറ്റിനു അർഹത ഉണ്ടായിരിക്കുമെന്നും യു.ജി.സി. വ്യക്തമാക്കിയിരുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിൽ 120 ക്രെഡിറ്റുള്ള പ്രോഗ്രാമുകളാണ് ബിരുദ തലത്തിൽ സി.ബി.സി.എസ് സ്ക്കിമിൽ നടത്തി വരുന്നത് . അതിൽ അഞ്ചാം സെമസ്റ്ററിൽ എല്ലാ പ്രോഗ്രാമുകൾക്കും 3 ക്രെഡിറ്റുള്ള ഓപ്പൺ കോഴ്സായി യു.ജി.സി യുടെ സ്വച്ച് ഭാരത് സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാം ഉൾപ്പെടുത്തുന്നതിന് ഉചിതമായിരിക്കുമെന്ന് ബന്ധപ്പെട്ട അക്കാദമിക് വിഭാഗം അഭിപ്രായപ്പെട്ടു.

യു.ജി.സി യുടെ നിർദേശം പരിഗണിച്ച്, പരാമർശം (2) പ്രകാരം എല്ലാ യു.ജി.പ്രോഗ്രാമുകളുടെയും അഞ്ചാം സെമസ്റ്ററിൽ 3 ക്രെഡിറ്റുള്ള ഓപ്പൺ കോഴ്സായി സ്വച്ച് ഭാരത് സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാം ഉൾപ്പെടുത്തുന്നതിനു 29.09.2018 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ തീരുമാനിച്ചു.

ടി തീരുമാനം നടപ്പിലാക്കുന്നതിനു സി.ബി.സി.എസ് റഗുലേഷനിലും സിലബസ്സിലും ആവശ്യമായ ഭേദഗതി വരുത്തേണ്ടതും അതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ രൂപീകരിക്കേണ്ടതുമാണ്.

തദനുസരണം രജിസ്ട്രാർക്കുവേണ്ടി ഉത്തരവു പുറപ്പെടുവിക്കുന്നു.

SUKUMARAN T.B.

അസിസ്റ്റൻറ് രജിസ്ട്രാർ

പകർപ്പ്

1. ബന്ധപ്പെട്ട സെക്ക്ഷനുക്കൾ/കോളേജുകൾ
2. വൈസ് ചാൻസിലർ/പ്റോ വൈസ് ചാൻസിലർ എന്നിവരുടെ പ്റൈവറ്റ് സെക്റട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കണ്ട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ മാർ
4.ജെ.ആർ/ഡി.ആർ/ എ.ആർ (അക്കാദമിക്/പരീക്ഷ)
5.കണ്ടേന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യൂ.എ.സി/എ.സി.സി.1/എ.സി.സി.2
7. എസി എ 9 (റഗുലേഷനിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും വയവസ്ഥകൾ രൂപീകരിക്കുന്നതിനും വേണ്ടി )
8.കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 1868/AC.A I 1/2018/AC A I Approved by Assistant Registrar on 14-Dec-2018 12:13 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം